പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ചിറയിൻകീഴ് പഞ്ചായത്തിലെ അരയത്തുരുത്തിയിൽ ഒരു നടപ്പാലം പണിയുന്നതിനാണ് കരാർ നൽകിയിരുന്നത്. എന്നാൽ കാളവണ്ടിപോലെയുള്ള ചെറിയ വാഹനങ്ങൾ കടന്നുപോകുന്നതരത്തിലുള്ള കാർട്ടബിൾ ബ്രിഡ്ജ് പണിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാട്ടുകാർ പ്രക്ഷോഭം നടത്തി. ഇതിനെത്തുടർന്ന് കരാറുകാരൻ പണി നിർത്തിവച്ചു. ഇപ്പോൾ എത്രയും വേഗം പണി പുനരാരംഭിക്കാൻ കരാറുകാരനു അന്തിമ താക്കീത് നൽകിയിരിക്കുകയാണ്. പണി വീണ്ടും ആരംഭിക്കുന്നതിനുള്ള നടപടികളും കരാറുകാരൻ സ്വീകരിച്ചുവരുന്നു.

(45) വടകര–ചോറോട് റെയിൽവേ ഗേറ്റിലെ ഓവർബ്രിഡ്ജ്

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, നാഷണൽ ഹൈവേ–17-ൽ വടകര ബൈപ്പാസിനോട് അനുബന്ധമായിട്ടുള്ള ചോറോട് റെയിൽവേ ഗേറ്റിൽ ഒരു റയിൽവേ ഓവർബ്രിഡ്ജ് പണിയേണ്ടതുണ്ട്. അതിന്റെ അലൈൻമെന്റ് എല്ലാം ശരിപ്പെട്ടിരിക്കുന്നു. അതിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റും റെയിൽവേയും കൊടുത്തിരിക്കുന്നു. അതിനുള്ള ഭൂമി അക്വയർ ചെയ്യാൻ 1·6 കോടി രൂപ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ ഏൽപ്പിച്ചിട്ട് എട്ടു മാസമായി. ശ്രീ. ജഗദീഷ് ടൈറ്റ്ലർക്ക് ഞാൻ അതിനെപ്പറ്റി എഴുതിയിരുന്നു. അദ്ദേഹം എനിക്ക് തന്ന മറുപടിയിൽ ഈ സംഖ്യ കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ ഏൽപ്പിച്ചിട്ടുണ്ട് എന്നുണ്ടായിരുന്നു. എട്ടു മാസമായിട്ടും അവിടെ ഭൂമി ഏറ്റെടുക്കുന്നതിന്റെ കാര്യങ്ങളൊന്നുംതന്നെ നടക്കുന്നില്ല; കളക്ടർക്ക് പണവും ഏൽപ്പിച്ച് കാണുന്നില്ല. നോട്ടിഫിക്കേഷൻ ഇറക്കി ഭൂമി കൈവശപ്പെടുത്താൻ സാധിക്കണമെങ്കിൽ പണം കളക്ടർക്ക് കൊടുക്കണം. പണം കളക്ടർക്ക് കൊടുക്കാത്തതുകൊണ്ട് ലാൻഡ് അക്വിസിഷൻ സ്തംഭനാവസ്ഥയിലാണ് നിൽക്കുന്നത്. ഇത് അടിയന്തിരമായി ത്വരിതപ്പെടുത്തണമെന്നാണ് എനിക്ക് മന്ത്രിയോട് പറയാനുള്ളത്.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യം വളരെ ഗൗരവതരത്തിൽതന്നെ ഗവൺമെന്റ് കണക്കിലെടുത്തിട്ടുണ്ട്. വടകരയിലെ ചോറോട് റോഡ് ഓവർബ്രിഡ്ജിന്റെ അലൈൻമെന്റ് കേന്ദ്ര ഉപരിതല മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്ലാനും മറ്റു അനുബന്ധ രേഖകളും തയ്യാറാക്കി സ്ഥലമെടുപ്പ് നടപടികളും ആരംഭിച്ചു കഴിഞ്ഞു. ഇതിനു ലാൻഡ് അക്വിസിഷൻ ആക്ട് 4–1–1995 പ്രകാരമുള്ള വിജ്ഞാപനം 1–7–1995-ൽ സർക്കാർ പുറപ്പെടുവിക്കുകയും 7–7–1995-ൽ അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലമുടമകളിൽ ചിലർ പ്ലാൻ അനുസരിച്ച് സ്ഥലം മാർക്ക് ചെയ്തിരിക്കുന്നതിൽ അപാകതകളുണ്ടെന്നു പരാതിപ്പെട്ടിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റിൽ എന്തെങ്കിലും പോരായ്മകളുണ്ടോ എന്നു പൊതുമരാമത്തും റവന്യൂ വകുപ്പും സംയുക്തമായി പരിശോധിച്ചുവരികയാണ്. പരിശോധനാ റിപ്പോർട്ട് കിട്ടിയാൽ ഉടനെ അനന്തര നടപടികളും സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly